**പതിമൂന്നാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

| **നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 7** | **08/02/2016 ൽ മറുപടിക്ക്** |
|---|---|

**സംസ്ഥാന വിജിലൻസ് സംവിധാനം**

| | **ചോദ്യം** | | **മറുപടി** |
|---|---|---|---|
| | **ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)**<br>**ശ്രീ.ജി.സുധാകരൻ**<br>**ശ്രീ.പുരുഷൻ കടലുണ്ടി**<br>**ശ്രീ.കെ.വി.വിജയദാസ്** | | **ശ്രീ.രമേശ് ചെന്നിത്തല**<br>**(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി )** |
| (എ) | സംസ്ഥാനത്തെ വിജിലൻസ് സംവിധാനത്തെ സംബന്ധിച്ച കേരള ഹൈക്കോടതിയുടെ വിമർശനം ഗൗരവതരമായി കണക്കിലെടുത്തിട്ടുണ്ടോ; | (എ) | ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പ്രസ്തുത വിഷയം സംബന്ധിച്ച ഉത്തരവുകളിൽ അത്തരത്തിൽ ഒരു വിമർശനം ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | ഗുരുതരമായ ആരോപണങ്ങളിൽ ജാഗ്രതയോടെയുള്ള അന്വേഷണങ്ങൾ ആവശ്യമാണെന്ന് കോടതി നിർദ്ദേശിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) | ബഹുമാനപ്പെട്ട ഹൈക്കോടതി അപ്രകാരം നിർദ്ദേശിച്ച് ഉത്തരവ് നല്കിയിട്ടില്ല. |
| (സി) | മന്ത്രിമാരെക്കുറിച്ചുള്ള അഴിമതി ആരോപണങ്ങളിന്മേൽ വിജിലൻസ് അന്വേഷിച്ചാൽ ഒന്നും സംഭവിക്കില്ലെന്ന കോടതിയുടെ പരാമർശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | അഴിമതികേസുകളിൽ സത്യം പുറത്തു കൊണ്ടുവരുന്നതിൽ വിജിലൻസ് വിജിലന്റ് അല്ലെന്നും, കോഴ ഇടപാടുകൾ രഹസ്യമായതിനാൽ ജാഗ്രതയോടെയുള്ള അന്വേഷണമാണാവശ്യമെന്നും കോടതി ചൂണ്ടിക്കാട്ടിയിട്ടുള്ളതായി അറിയാമോ; | (ഡി) യും (ഇ) യും | അഴിമതികേസുകളിൽ സത്യം പുറത്തു കൊണ്ടുവരുന്നതിൽ വിജിലൻസ് വിജിലന്റ് അല്ലെന്നും, കോഴ ഇടപാടുകൾ രഹസ്യമായതിനാൽ ജാഗ്രതയോടെയുള്ള അന്വേഷണമാണാവശ്യമെന്നും ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഉത്തരവുകളിൽ സൂചിപ്പിച്ചിട്ടില്ല. അഴിമതിക്കേസുകൾ അന്വേഷിക്കാൻ ചുമതലയുള്ള വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ കാര്യക്ഷമതയോടും സത്യസന്ധമായും പ്രവർത്തിച്ചു വരുന്നുണ്ട്. |
| (ഇ) | ഈ സാഹചര്യങ്ങളിൽ കോഴ ഇടപാടുകൾ സംബന്ധിച്ച പരാതികളിൽ ജാഗ്രതയോടെയും സത്യസന്ധവുമായ അന്വേഷണം ഉറപ്പാക്കാൻ എന്തെല്ലാം നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു എന്ന വിശദമാക്കാമോ; | | |
| (എഫ്) | വിജിലൻസ് അന്വേഷണം സമഗ്രവും സത്യസന്ധവും ആണെന്ന് ഉറപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ? | (എഫ്) | വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ സത്യസന്ധമായും കാര്യക്ഷമമായും ഉത്തരവാദിത്വ പരമായും ജോലി നിർവ്വഹിക്കുന്നതിനാൽ മറ്റു നടപടികൾ സ്വീകരിക്കേണ്ട ആവശ്യം ഇല്ല. |

**സെക്ഷൻ ഓഫീസർ**